ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദൃശ്യ-അച്ചടി മാധ്യമങ്ങൾക്കായി ഓരോ വർഷവും പരസ്യയിനത്തിൽ നല്കിയ തുക അനുബന്ധമായി (1) ചേർത്തിട്ടുണ്ട്.* ആയതിൽ 2010-11 വർഷത്തിൽ 31-1-2011-വരെ ടെൻഡർ, ഡിസ്പ്ലേ, ചാനൽ പരസ്യങ്ങളായി 1184 പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നല്കിയിട്ടുണ്ട്. എല്ലാ മാധ്യമങ്ങളുടെയും പരസ്യ തുക സംബന്ധിച്ച ബില്ല് ലഭിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ തുക കണക്കാക്കിയിട്ടില്ല. എന്നാൽ 2010-11 വർഷത്തിൽ ഈയിനത്തിൽ 7,87,99,800 രൂപ മാധ്യമങ്ങൾക്ക് നല്കിയിട്ടുണ്ട്.

(സി&ഡി) വിശദവിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

സർക്കാരിന്റെ 5-ാം വാർഷിക ആഘോഷത്തിനായി ചെലവഴിച്ച തുക

17 (19) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ 5-ാം വാർഷിക ആഘോഷത്തിനായി എന്തൊക്കെ പരസ്യപ്രചാരണങ്ങളാണ് നടത്തുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനും ബുക്ക്‌ലെറ്റുകളും പോസ്റ്ററുകൾ അച്ചടിക്കുന്നതിനും എക്സിബിഷൻ നടത്തുന്നതിനുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് നൽകുമോ ;

(സി) ഓരോ വകുപ്പിനും ഇതിനുവേണ്ടി ചെലവായ തുക എത്ര വീതമെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ-സി) പൊതുതെരഞ്ഞെടുപ്പ് ആയതിനാൽ സർക്കാരിന്റെ 5-ാം വാർഷിക ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നില്ല.

ആസിയാൻ കരാറിന്റെ പ്രത്യാഘാതങ്ങൾ

18 (20) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണ പൂർവേഷ്യൻ (ആസിയാൻ) രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരത്തിനായുള്ള കരാർ പ്രാബല്യത്തിൽവന്ന് ഒരു വർഷം കഴിഞ്ഞതിനാൽ കേരളത്തിന്റെ കാർഷിക സാമ്പത്തിക മേഖലയിൽ എന്തെങ്കിലും പ്രത്യാഘാതം ഉണ്ടായതായി കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കാലയളവിൽ കാർഷിക നാണ്യവിളകളുടെ വിലയിടിവിന് പ്രസ്തുത കരാർ കാരണമായിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നമ്മുടെ രാജ്യത്ത് ഭക്ഷ്യ-കാർഷിക ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന സാഹചര്യം പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകാൻ ഇടയുണ്ടോ ; എങ്കിൽ വർദ്ധിച്ചുവരുന്ന വിലക്കയറ്റം കണക്കിലെടുത്ത് ആസിയാൻ കരാറിനെ സാദ്ധ്യതകൾ ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(ഡി) ആസിയാൻ കരാർ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ (സി.ഡി.എസ്.) സമീപിച്ചിരുന്നുവോ ; എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആസിയാൻ രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാരകരാറിൽ കേരളത്തിന് പ്രാധാന്യമുള്ള കാർഷിക ഉൽപ്പന്നങ്ങളായ റബ്ബർ, തേങ്ങ, കൊപ്ര, വെളിച്ചെണ്ണ, അരി തുടങ്ങിയുള്ള കാർഷിക ഉൽപ്പന്നങ്ങൾ 'എക്സ്ക്ലൂഡഡ് ലിസ്റ്റി"ലായതിനാൽ ഇവയുടെ ഇറക്കുമതി ചുങ്കം കുറയ്ക്കാൻ വ്യവസ്ഥയില്ല. എന്നാൽ പാം ഓയിൽ, കാപ്പി, തേയില, കുരുമുളക് എന്നിവയുടെ ചുങ്കം കുറയ്ക്കാൻ വ്യവസ്ഥയുണ്ട്. കാപ്പി, ചായ എന്നീ ഇനങ്ങൾക്ക് 95% കുരുമുളക് 68% ക്രൂഡ് പാം ഓയിൽ 76% റിഫൈൻഡ് പാം ഓയിൽ 86% എന്നിങ്ങനെയാണ് 2010-ൽ കുറയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആസിയാൻ കരാർമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഘട്ടം ഘട്ടമായിട്ടായിരിക്കും സംസ്ഥാന കാർഷികമേഖലയെ ബാധിക്കുന്നത്. കേരളത്തിന്റെ കാലാവസ്ഥയോട് സാമ്യമുള്ള ആസിയാൻ രാജ്യങ്ങൾ ഇന്ത്യയുടെയും കേരളത്തിന്റെയും കമ്പോളം ലക്ഷ്യമാക്കി കേരളത്തിലെ കാർഷിക വിളകൾ വൻതോതിൽ ഉൽപ്പാദിപ്പിക്കാനും കരാർപ്രകാരം ഇറക്കുമതി ചെയ്യാനും തുടങ്ങുമ്പോൾ മാരകമായദോഷം സംസ്ഥാനത്ത് സംഭവിക്കുമെന്നാണ് വിദഗ്ധരുടെയും മറ്റും അഭിപ്രായം. ആയതുകൊണ്ട് ആസിയാൻ കരാർ പ്രാബല്യത്തിലായതിന്റെ വെളിച്ചത്തിൽ കേവലം ഒരു വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കരാറിനെക്കുറിച്ചു നിഗമനത്തിലെത്തുന്നത് യുക്തിസഹമല്ല.

(ബി) സമഗ്രമായി വിലയിരുത്തലിന് ലഭ്യമായ വിവരങ്ങൾ പര്യാപ്തമല്ല.

(സി&ഡി) കേരളത്തിന്റെ കാർഷിക അനുബന്ധമേഖലകളിൽ ആസിയാൻ കരാറിന്റെ പ്രത്യാഘാതം പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ സി.ഡി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

റോഡരികിലെ പൊതുയോഗങ്ങളും, പ്രകടനങ്ങളും നിരോധിച്ച കോടതി വിധി

19 (21) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly